**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1634** **03-02-2026 - ൽ മറുപടിയ്ക്ക്**

**മൂപ്പിൽ നായരുടെ അവകാശികളുടെ ഭൂമി വിൽപ്പന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>(രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി) | |
| (എ) | മണ്ണാർക്കാട് മൂപ്പിൽ നായരുടെ അവകാശികൾ അട്ടപ്പാടിയിൽ ഇതുവരെ എത്ര ഏക്കർ ഭൂമി വിൽപ്പന നടത്തിയെന്നും ഈ കേസിൽ രജിസ്ട്രേഷൻ വകുപ്പ് ഇതുവരെ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്നും വിശദമാക്കാമോ; | (എ) | അഗളി സബ് രജിസ്ട്രാർ ഓഫീസിൽ മൂപ്പിൽനായരുടെ അവകാശികൾ ഇതു വരെ 233.9187 ഹെക്ടർ (578.026 ഏക്കർ) ഭൂമി കൈമാറ്റം ചെയ്തിട്ടുണ്ട്.<br><br>മൂപ്പിൽ നായരുടെ ഭൂമി സംബന്ധിച്ച് രജിസ്ട്രേഷൻ വകുപ്പ് അന്വേഷണം നടത്തിയതിൽ വകുപ്പിൽ നിന്നും നടപടി സ്വീകരിക്കേണ്ട വിഷയമല്ല എന്നും റവന്യൂ വകുപ്പിൽ നിന്നുമാണ് നടപടി സ്വീകരിക്കുവാനുള്ളത് എന്നും കണ്ടെത്തുകയുണ്ടായി.<br><br>കേരള ഭൂപരിഷ്കരണ നിയമം 1963 – 120 (എ) വകുപ്പ് പ്രകാരം അട്ടപ്പാടി താലൂക്കിൽ വില്ലേജ് ബി ടി ആറിൽ മൂപ്പിൽ നായരുടെ പേരിലുള്ള തണ്ടപ്പേരിലുൾപ്പെട്ട നിലവിലുള്ള ഭൂമികളുടെ കൈമാറ്റം ഇനിയൊരു ഉത്തരവുണ്ടാകുന്നതുവരെ തടഞ്ഞു കൊണ്ടുള്ള പാലക്കാട് ജില്ലാ കളക്ടറുടെ 08/11/2025 തീയതിയിലെ ഉത്തരവ് അഗളി സബ് രജിസ്ട്രാർ ഓഫീസിൽ ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) | കേരള ഹൈക്കോടതിലെ ഒ.പി നമ്പർ. 2313/1965 കേസിലെ സിംഗിൾ ബഞ്ച് ഉത്തരവ് അനുസരിച്ചാണോ മൂപ്പിൽ നായരുടെ അവകാശികൾ ഭൂമി രജിസ്ട്രേഷൻ നടത്തിയതെന്ന് വിശദമാക്കുമോ? | (ബി) | കേരള ഹൈക്കോടതിലെ ഒ.പി നമ്പർ. 2313/1965 കേസിലെ സിംഗിൾ ബഞ്ച് ഉത്തരവിന്റെ അടിസ്ഥാനത്തിൽ മൂപ്പിൽ നായരുടെ അവകാശികൾ ഭൂമി രജിസ്ട്രേഷൻ നടത്തിയിട്ടുള്ളതായി കാണുന്നില്ല. |

സെക്ഷൻ ഓഫീസർ